വാഴക്കാട് ഗ്രാമപഞ്ചായത്ത്

വാഴക്കാട് പോസ്റ്റ് , മലപ്പുറം ജില്ല , PIN – 673640
ഫോൺ: 0483 2725232
ഈ-മെയിൽ: mpmvazhakkadgp@gmail.com

വാഴക്കാട്ഗ്രാമപഞ്ചായത്ത്
തിയതി : 28-10-2026

ടെണ്ടർ പരസ്യം

വാഴക്കാട് ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും തകരാറിലായവ റിപ്പയർ ചെയ്യലും (09/2026-2027) എന്ന പദ്ധതി പ്രകാരം പഞ്ചായത്തിന്റെ 1 മുതൽ 22 വരെയുള്ള വാർഡുകളിലെ ഇലക്ട്രിക്കൽ പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾ ഒരു വർഷ കാലത്തേക്ക് മുഴുവൻ പ്രകാശിപ്പിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് ആനുവൽ മെയ്ന്റനൻസ് ചെയ്യുന്നതിന് (എല്ലാ വിധത്തിലുള്ള ലേബർ ചാർജും ഉൾപ്പെടെ) സൂപ്പർവൈസറി ലൈസൻസും, എ ക്ലാസ് / ബി ക്ലാസ് ലൈസൻസും ഉള്ള കരാറുകാരിൽ നിന്ന് / സംസ്ഥാന വൈദ്യുതി ബോർഡിൻറെ പ്രവർത്തികൾ ചെയ്ത് പരിചയമുള്ള കരാറുകാരിൽ / നിയമാനുസൃത ഇലക്ട്രിക്കൽ കോൺട്രാക്ടർസ് ലൈസന്സുള്ള അംഗീകൃത കരാറുകാരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നു. ഇലക്ട്രിക്ക് പോസ്റ്റ് ഒരു പ്രാവശ്യം മെയ്ന്റനൻസ് / സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ലേബർ ചാർജും ഒരു ദിവസത്തേക്കുള്ള വാഹന വാടകയും ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടറിൽ കാണിക്കേണ്ടത്.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവ്വഹണ ഉദ്യോഗസ്ഥൻ	അടങ്കൽ തുക	നിരതദ്രവ്യം	ഫോം വില
09/2027	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കലും തകരാറിലായവ റിപ്പയർ ചെയ്യലും	സെക്രട്ടറി	300000	3000	1000 + GST

ടെൻഡർ ഫോം ലഭ്യമാകുന്ന തിയ്യതി, സമയം	ടെൻഡർ സമർപ്പിക്കാവുന്ന അവസാന തിയ്യതി, സമയം	ടെണ്ടർ തുറക്കുന്ന തിയ്യതി, സമയം
29/10/2026 വ്യാഴാഴ്ച രാവിലെ 10.00 മണി മുതൽ 10/11/2026 ചൊവ്വാഴ്ച വൈകിട്ട് 04.00 മണി വരെ	*10/11/2026 ചൊവ്വാഴ്ച വൈകിട്ട് 05.00 മണി വരെ*	*13/11/2026 വെള്ളിയാഴ്ച രാവിലെ 11.00*

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

(ഒപ്പ്)
സെക്രട്ടറി
വാഴക്കാട് ഗ്രാമപഞ്ചായത്ത്

നിബന്ധനകൾ

1. 200 രൂപയുടെ മുദ്ര പേപ്പറിലുള്ള പ്രാഥമിക കരാര് , അംഗീകൃത ലൈസൻസിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അഡ്രസ് രേഖ, പാൻ കാർഡ്,ആധാർ കോപ്പി , ബാങ്ക് പാസ് കോപ്പി, ജി.എസ്. റ്റി രജിസ്ട്രേഷൻ കോപ്പി , ഇ പേയ്മെന്റ് ഫോം ഇവ ഇ- ടെണ്ടർ, സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. ആവശ്യപ്പെട്ട രേഖകൾ അപ്ലോഡ് ചെയ്യാത്ത ടെണ്ടറുകൾ യാതൊരുകാരണവശാലും പര്ഗണിക്കുന്നതല്ല. അപ്ലോഡ് ചെയ്തു രേഖകളുടെ ഹാർഡ് കോപ്പികള് സീല് ചെയ്ത കവറുകളില് ടെണ്ടർ ഓപ്പണ് ചെയ്യുന്നതിനുമുൻപ് ഗ്രാമപഞ്ചായത്ത് ഓഫീസില് എത്തിക്കേണ്ടതാണ്.
2. ടെണ്ടർ ഫോറങ്ങളം അനുബന്ധ രേഖകളം ഇ-ടെൻഡര് സൈറ്റിൽ നിന്നും https://etenders.Kerala.gov.in ഡൌൺലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത തീയതിയ്ക്കും സമയത്തിനും മുൻപ് ഇ-ടെണ്ടർ സൈറിൽ നിരക്ക് ഓണ് ലൈനായി രേഖപ്പെടുത്തേണ്ടതാണ്.
3. ഇ-ടെണ്ടറുകൾ നിശ്ചിതസമയത്ത് ഹാജരായവരുടെ സാന്നിദ്ധ്യത്തില് തുറക്കുന്നതും, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാന പ്രകാരം കരാര് ഉറപ്പിച്ചു നൽകുന്നതുമാണ്. ടെണ്ടർ അംഗീകരിക്കുന്ന പക്ഷം 7 ദിവസത്തിനകം എഗ്രിമെന്റ് വെയ്ക്കണ്ടതാണ്
4. ടെണ്ടർ തുറക്കാന് നിശ്ചയിച്ചിട്ടുള്ള ദിവസം പൊതു അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത ദിവസം ടെണ്ടർ തുറക്കുന്നതാണ്. ഏതൊരു ടെണ്ടറും മതിയായ കാരണത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിക്ക് നിരസിക്കാവുന്നതാണ്.
5. കരാറുകാരൻ പ്രവർത്തി ചെയ്യുന്ന സ്ഥല വിവരങ്ങൾ ബന്ധപ്പെട്ട KSEB ഓഫീസിൽ സ്വന്തം ഉത്തരവാദിത്വത്തിൽ അറിയിക്കേണ്ടതും സുരക്ഷാ ഉറപ്പ് വരുത്തി ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ അംഗീകാരത്തോടുമാത്രം തെരുവ് വിളക്കുകൾ പരിപാലനത്തിനായി റിപ്പയർ ചെയ്യേണ്ടതാണ്.
6. കെ. എസ്.ഇ. ബി-യുടെ മറ്റ ജോലികൾക്ക് തടസ്സമാകാത്ത വിധത്തില് കെ.എസ്.ഇ.ബി ജീവനക്കാരുടെ മേൽനോട്ട്ത്തില് മാത്രം ജോലികള് നടത്തേണ്ടതാണ്. യാതൊരുവിധ ഗതാഗത തടസ്സവും വരുത്താതെ ട്രാഫിക് പോലീസുമായും കെ.എസ്.ഇ.ബി യുമായും സഹകരിച്ച് വ്യവസ്ഥകള് പാലിച്ച് പഞ്ചായത്ത് പരിധിയിലെ വഴിവിളക്കുകൾ പരിപാലനം നടത്തേണ്ടതാണ്.
7. തെരുവ് വിളക്കുകളുടെ ജോലികൾക്ക് ആവശ്യമായ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തില് ചെയ്യേണ്ടതാണ്. കരാർ പ്രകാരമുള്ള ജോലി നടക്കുന്ന സമയത്ത് തൊഴിലാളിക്ക് ഏതെങ്കിലും തരത്തിലുള്ള അപകടങ്ങള് ഉണ്ടായാൽ വർക്ക് മാൻ കോമ്പൻസേഷന് ആക്ട് പ്രകാരം തൊഴിലാളിക്ക് നഷ്ടപരിഹാരം നൽകേണ്ട ബാധ്യത കരാറുകാരൻ മാത്രമായിരിക്കും. കെ.എസ്. ഇ.ബിയോ വാഴക്കാട് ഗ്രാമപഞ്ചായത്തോ, സർക്കാരോ അപകട നഷ്ടപരിഹാരത്തിന് ബാധ്യസ്ഥരല്ല
8. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ അംഗീകാരം ഇല്ലാതെ കരാറുകാരൻ പുതിയതായോ സ്ഥിരമായോ തെരുവ് വിളക്ക് സ്ഥാപിക്കാൻ പാടുള്ളതല്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട ഇലക്ട്രിക്ക് പോസ്റ്റുകളില് പരസ്യബോർഡുകളോ ഹോർഡിംഗ്സ്/പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുവാന് അനുവദിക്കുന്നതല്ല.
9. പഞ്ചായത്ത് അനുശാസിക്കും പ്രകാരവും നിശ്ചിത തിയ്യതിക്കകം പണി പൂർത്തീകരിക്കാത്ത പക്ഷം പഞ്ചായത്തിനുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും ടിയാന്റെ നഷ്ടോത്തരവാദിത്വത്തില് പുനർ ദർഘാസ് വിളിക്കുന്നതുമായിരിക്കും.

10. തെരുവ് വിളക്കുകളുടെ സ്ഥാപിക്കലുമായി ബന്ധപ്പെടേണ്ട വ്യക്തികളുടെ ഫോൺ നമ്പർ പഞ്ചായത്ത് പ്രസിദ്ധപ്പെടുത്തേണ്ടതും ഇപ്രകാരം ലഭ്യമാകുന്ന പരാതികളുടെ സമയം , തീയതി പരാതിക്കാരന്റെ പേര് പരാതിയുടെ വിവരണം (പോസ്റ്റ് നമ്പർ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്ത് തയ്യാറാക്കേണ്ടതും ഇതേ രജിസ്റ്ററുകൾ വാഴക്കാട് ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്. കരാറുകാരൻ എല്ലാ ദിവസവും പരാതി രജിസ്റ്റർ പരിശോധിക്കേണ്ടതും കരാർ വ്യവസ്ഥകൾക്കനുസൃതമായി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഇത് സംബന്ധിച്ച വിവരണങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയത് സംബന്ധിച്ച സാക്ഷ്യപത്രം ജനപ്രതിനിധികളിൽ നിന്നും കരാറുകാരൻ ലഭ്യമാക്കേണ്ടതും ബില്ലിനൊപ്പം സമർപ്പിക്കേണ്ടതുമാണ്.
11. തദ്ദേശ സ്വയംഭരണ സ്ഥാപനം സംസ്ഥാന സർക്കാർ കെ.എസ്.ഇ.ബി എന്നിവരുടെ അവകാശത്തിലും താൽപര്യത്തിലുമിരിക്കുന്ന ധനം/ വസ്ക്കൾ എന്നിവയിൽ മേല് കരാറുകാരന് മറ്റ് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.
12. തദ്ദേശ സ്വയംഭരണ സ്ഥാപനങൾ തെരുവ് വിളക്ക് അറ്റകുറ്റപ്പണി നടത്തുന്നത് സംബന്ധിച്ചു കാല കാലങ്ങളിൽ സർക്കാർ / KSEB ഇറക്കിയ സർക്യൂലർ ,സർക്കാർ ഉത്തരവുകൾ എന്നിവ ഈ പ്രവ്യത്തി നിർവഹിക്കുന്നതിനും ബാധകമാണ്.
13. റിപ്പയർ ചെയ്യുന്നതിന് ആവശ്യമായ തെരുവ് വിളക്ക് ഉപകരണങ്ങൾ പഞ്ചായത്തിൽ നിന്നും രേഖാമൂലം കൈപ്പറ്റേണ്ടതും റിപ്പയർ സമയത്ത് മാറുന്ന തെരുവ് വിളക്ക് സാമഗ്രികൾ പഞ്ചായത്തിൽ തിരികെ ഏല്പിക്കേണ്ടതുമാണ്.
14. പരാതി രജിസ്റ്ററിലെ / പഞ്ചായത്ത് നിർദ്ദേശിക്കുന്ന ക്രമത്തിൽ മാത്രമേ തെരുവ് വിളക്കുകൾ അറ്റകുറ്റ പണി നടത്താൻ പാടൊള്ളു.
15. കരാർ കാലാവധി എഗ്രിമെന്റ് വയ്ക്കുന്ന തിയതി മുതൽ ഒരു വർഷ കാലയളവിലേക്കായിരിക്കും.
16. കരാർ കാലയളവിൽ യാതൊരുവിധ നിരക്ക് വർധനവും അനുവദിക്കുന്നതല്ല. നിയമപ്രകാരമുള്ള ആദായനികുതി , സേവനനികുതി എന്നിവ ഒടുക്കുവരുത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

सत्यमेव जयते
“ഭരണഭാഷ-മാതൃഭാഷ”